നം.കെഎസ്എ-കെടിഎം.പി-12/1117/2017 തീയതി : 18.07.2017

# കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-12-16 മുതൽ 31-5-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 04-07-2017-ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017- 03.07.2017 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.എൻ.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി.സുലത ഡി, ഓഡിറ്റ് ഓഫീസർ<br>ശ്രീ.രതീഷ്, സി ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.മനു.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലൂക്കോസ് കുര്യൻ, ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.സിസി ബോബി | 01.04.2016-31.03.2017 |
| സെക്രട്ടറി | ശ്രീ.പി ജെ ജോസ്കുഞ്ഞ് | 01.04.2016-10.08.2016 |
| | ശ്രീ.റ്റി ആർ ശ്രീകാന്ത്(സെക്രട്ടറി ഇൻ ചാർജ്ജ്) | 11.08.2016-22.12.2016 |
| | ശ്രീ.ജി.എൻ. ഹരികുമാർ | 23.12.2016-31.03.2017 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | റ്റി. ആർ. ശ്രീകാന്ത് | 01.04.2016-22.12.2016 |
| | അബനീന്ദ്ര മോഹൻ എ. വി. | 23.12.2016-09.02.2017 |
| | ബിജു തോമസ് | 10.02.2017-31.03.2017 |
| വെറ്ററിനറി സർജൻ | ഡോ.ജേക്കബ് പി.ജോർജ്<br>ഡോ.മെർലിൻ അലക്സാണ്ടർ | 01.04.2016 – 14.12.16<br>15.12.2016 – 31.03.2017 |

| | | |
|---|---|---|
| വി.ഇ.ഒ | അനൂപ് പി. എസ്. | 01.04.2016-31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുമ സി. എസ്. | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | ഡോ. പി. ആർ. രാജേഷ് | 01.04.2016-30.06.2016 |
| | ഡോ. ഷീജാ തങ്കപ്പൻ | 01.07.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | ഡോ. ആർ. ശ്രീകുമാർ | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | ഡോ.ഡോൺ എബ്രഹാം | 01.04.2016-31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ദിവ്യാ എസ് മോഹൻ | 01.04.2016-31.03.2017 |
| കൃഷി ഓഫീസർ | ഗീതാ അലക്സാണ്ടർ | 01.04.2016-31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ | നിബു കുര്യൻ | 01.04.2016-31.03.2017 |
| ഹെഡ്മാസ്റ്റർ | കെ വൈ ഷൃംല, ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്, നട്ടാശ്ശേരി | 01.04.2016-31.03.2017 |

ഉള്ളടക്കം


| ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |

| | |
|---|---|
| ക്ഷേമപദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണസംവിധാനം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 – വരവുകണക്കുകൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| രസീത് ബുക്ക് – കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-2 |
| മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. | 2-3-1 |
| വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കൽ- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 2-3-2 |
| സഞ്ചയ പ്രോപ്പർട്ടി ടാക്സ് മോഡ്യൂളിലെ ഡേറ്റാ എൻട്രി പൂർത്തിയാക്കേണ്ടതാണ് | 2-3-3 |
| വസ്തുനികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ- ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ് | 2-3-4 |
| തടിലേലം- എഫ് ഡി റ്റി, വാറ്റ് അടവാക്കിയിട്ടില്ല | 2-4 |
| സൗജന്യമായി വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല | 2-5 |
| രജിസ്ട്രേഷൻ എടുക്കാതെ മെഡിക്കൽ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-6 |
| ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ | 2-7 |
| ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല - മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല | 2-8 |
| തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-9 |
| പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ പൂർത്തിയാക്കിയിട്ടില്ല -പഞ്ചായത്തിന് വരുമാന നഷ്ടം | 2-10 |
| ക്യൂ സിസ്റ്റത്തിൽ നിന്നിരുന്ന ബില്ലുകൾ സർക്കാർ ഉത്തരവിന് വിരുദ്ധമായി ട്രഷറി പാസാക്കി | 2-11 |
| ഭാഗം 3 – ചെലവുകണക്കുകൾ | |
| എട്ട് കിലോമീറ്ററിൽ താഴെയുള്ള യാത്രകൾക്ക് ദിനബത്ത | 3-1 |
| സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് വിതരണം- പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല- ചെലവ് | 3-2 |

| | |
|---|---|
| തടസ്സപ്പെടുത്തുന്നു | |
| ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |
| പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| പി എച്ച് സി ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-5 |
| വയോജനങ്ങൾക്ക് അന്ധതാ നിവാരണ പദ്ധതി- മെഡിക്കൽ ക്യാംപ് നടത്തിയതിന്റെയും, കണ്ണടകൾ വിതരണം ചെയ്തതിന്റെയും രേഖകളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| സ്ഥലപരിശോധന നടത്തി ഫീസിബിലിറ്റി ഉറപ്പാക്കാതെ പ്രോജക്ട് ആവിഷ്കരിച്ചു - അങ്കനവാടിക്ക് കെട്ടിടനിർമ്മാണം സാധ്യമായില്ല | 3-7 |
| സ്കൂൾ/അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന -സർക്കാർനിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല | 3-8 |
| 5-ാം വാർഡിൽ wi fi സ്ഥാപിക്കൽ | 3-9 |
| ജവഹർലാൽ നെഹ്രുജയന്തി ഭവനനിർമ്മാണപദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു | 3-10 |
| സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ പരസ്യചാർജിനത്തിൽ വർദ്ധിച്ച ചെലവ് | 3-11 |
| ആശ്രയ പദ്ധതി | 3-12 |
| വിവിധ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-13 |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |

| | |
|---|---|
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 21.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 63771475 | 58622569 | | 5148906 |
| വരവ് | 102267657 | 82574661 | | 19692996 |
| ആകെ | 166039132 | 141197230 | | 24841902 |
| ചെലവ് | 86414095 | 101542486 | 15128391 | -- |
| നീക്കിയിരിപ്പ് | 79625037 | 39654744 | | 39970293 |

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക 31.05.2017-ന് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 29.06.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 58622569 |
| വരവ് | 82574661 |
| ആകെ | 141197230 |
| ചെലവ് | 101542486 |
| നീക്കിയിരിപ്പ് | 39654744 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11313749 | 11313749 | 8924171 | 2389578 | 78.88 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3811386 | 3811386 | 300598 | 3510788 | 7.89 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36978 | 36978 | 0 | 36978 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7783188 | 7783188 | 2275759 | 5507429 | 29.24 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3132876 | 3132876 | 2421093 | 711783 | 77.28 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6345344 | 6345344 | 1007313 | 5338031 | 15.87 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5031621 | 5031621 | 1830184 | 3201437 | 36.37 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 6339569 | 6339569 | 6338413 | 1156 | 99.9 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 100366384 | 93 | 33913607 | 66 | 10 | 55 |

2016-17 വാർഷിക പദ്ധതിക്ക് 01.09.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി ലഭിച്ചു.

പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 04.06.2016, 13.06.2016 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 19.06.2016, 25.06.2016, 26.06.2016തീയതികളിലും വികസനസെമിനാർ 12.07.2016തീയതിയിലും കൂടിയിട്ടുണ്ട്.

വാർഷിക പദ്ധതി

- ആകെ ആവിഷ്കരിച്ച 169 പ്രോജക്ടുകളിൽ 93 എണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പാക്കുവാൻ സാധിച്ചത്.
- വികസന ഫണ്ട് ആകെ അടങ്കലിന്റെ 45% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. വികസന ഫണ്ട്- പ്രത്യേക ഘടക പദ്ധതി 7% മാത്രമാണ് ചെലവഴിച്ചത്.

ജനിവിജയ- വൈകല്യരഹിതഗ്രാമം ഹോമിയോപ്പതിയിലൂടെ

അന്ധത, കേൾവിക്കുറവ്, ജനിതക തകരാറുകൾ തുടങ്ങിയവക്ക് ഹോമിയോപ്പതിയിലൂടെ ഫലപ്രദമായ ചികിത്സ

നൽകുവാൻ 2014-15 വർഷം മുതൽ വിജയപുരം ഗ്രാമപഞ്ചായത്ത് ഹോമിയോ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് "ജനിവിജയ - വൈകല്യരഹിതഗ്രാമം ഹോമിയോപ്പതിയിലൂടെ". ആശാ വർക്കർ മാർ മുഖേന പഞ്ചായത്തിൽ മേൽപരാമർശിത വെല്ലുവിളികൾ നേരിടുന്നവരെ കണ്ടെത്തി തുടർചികിത്സയും, കൗൺസലിംഗും പദ്ധതി പ്രകാരം നൽകി വരുന്നു. ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പദ്ധതിയിൽ ഗുണഭോക്താക്കളുടെ ഭവനസന്ദർശനം നടത്തുന്നതിനും പദ്ധതി തുടർച്ചയായി അവലേകനം ചെയ്യുന്നതിനും ഒരു സൈക്കോളജിസ്റ്റ് കൂടിയായ ഹോമിയോ ഡോക്ടറെയും 2 ജനിവിജയ കോർഡിനേറ്റർമാരെയും കരാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

## 1-7 തനത് വരുമാനം

സ്ഥാപനം ഹാജരാക്കിയ കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (+)9.73 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 15989821 | 18300613 | (+)2310792 | (+)14.45 |
| നികുതിയേതര വരവുകൾ | 2097282 | 2761773 | (+)664491 | (+)31.68 |
| മറ്റുവരവുകൾ | 2389790 | 1407782 | (-)982008 | (-)41 |
| ആകെ | 20476893 | 2,24,70,168 | 19,93,275 | (+)9.73 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49920 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 2262590 | 281 |
| വിധവാപെൻഷൻ | 10228220 | 927 |
| വാർദ്ധക്യകാലപെൻഷൻ | 15540490 | 1960 |
| വികലാംഗപെൻഷൻ | 2262545 | 284 |
| അവിവാഹിത പെൻഷൻ | 542000 | 52 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.06.2017-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,037/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിക്കുകയും ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവിനങ്ങളുടെയെല്ലാം ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. വസ്തു നികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശികയുണ്ട്. വസ്തുനികുതി നിർണ്ണയം, നികുതി ഡിമാൻഡ് എന്നിവയുമായി ബന്ധപ്പെട്ട സഞ്ചയ പ്രോപ്പർട്ടി ടാക്സ് മോഡ്യൂളിലെ വിവരങ്ങൾ പൂർണ്ണമല്ല. വസ്തുനികുതി നിർണ്ണയം, മാപ്പിംഗ് നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും എല്ലാ വ്യാപാരസ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി ഒടുക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.05.2017 | 04/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2016 | 2011-12 – 2015-16 | (HQ)II/8A-2435/38, 31.05.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വേളയിൽ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ബി- 15 ഷെഡ്യൂളിലെ വസ്തുനികുതി - തൻവർഷ, കുടിശ്ശിക കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3.ഡി&ഒ, തൊഴിൽ നികുതി എന്നീ വരവിനങ്ങളുടെ യഥാർത്ഥ വരവ് തന്നെയാണ് ഡിമാന്റ് ആയി ഉൾപ്പെടുത്തിയിരിക്കുന്നത്.
4.ബി-9 ഷെഡ്യൂളിൽ 350110102 ശീർഷകത്തിൽ ഏപ്രിൽ മാസം നൽകേണ്ട ജീവനക്കാരുടെ ശമ്പളത്തോടൊപ്പം തൻവർഷം ചെലവായ ആർജിതാവധി സറണ്ടർ തുക 3,67,605/- രൂപയും ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 2-2 രസീത് ബുക്ക് - കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഇന്ററപ്റ്റഡ് രസീതുകളുടേയും ഔട്ട്ഡോർ കളക്ഷന്റെയും രജിസ്റ്ററുകൾ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ ജീവനക്കാർക്ക് 2016-17 കാലയളവിൽ വിതരണം ചെയ്തതും എന്നാൽ തൻ വർഷം ഒരു രസീതു പോലും ഉപയോഗിക്കാത്തതുമായ രസീതു ബുക്കുകൾ ക്യാൻസൽ ചെയ്തിരിക്കുന്നു ( ഉദ. രസീത് ബുക്ക് നം.12640, 12641). ഉപയോഗിക്കാത്ത രസീതു ബുക്കുകൾ സ്റ്റോക്കിൽ ചേർക്കേണ്ടതും പിന്നീട് ഉപയോഗത്തിനായി വിതരണം ചെയ്യേണ്ടതുമാണ്. അതോടൊപ്പം 2016-17 കാലയളവിലെ ഇന്ററപ്റ്റഡ് രസീതുകളുടേയും ഔട്ട്ഡോർ കളക്ഷന്റെയും രസീതുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-3-1 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ സഞ്ചയ ഡേറ്റാബേസ് പ്രകാരം ഒരു ടെലികമ്മ്യൂണിക്കേഷൻ ടവർ സംബന്ധമായ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നത്. എന്നാൽ പരിശോധനയിൽ ധാരാളം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ പ്രവർത്തിക്കുന്നതായി കാണുവാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി നം. 04 ന് നാളിതുവരെ 05 ടെലികമ്മ്യൂണിക്കേഷൻ ടവറുകളാണ് പെർമ്മിറ്റ് എടുത്തിട്ടുള്ളതെന്നും 07 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വിവരങ്ങൾ സഞ്ചയ റവന്യൂഡേറ്റാബേസിൽ ഉൾപ്പെടുത്താൻ ബാക്കിയുള്ളതായും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് നികുതി ഈടാക്കാത്തതുമൂലം പഞ്ചായത്തിന് പ്രതിവർഷം വലിയ വരുമാന നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 - ലെ സർക്കുലർ നം. 40395/RC2/2014/LSGD പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതും, പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3-2 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കൽ- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ജി.ഒ (എം.എസ്) 242/2013 ത.സ്വ.ഭ.വ തീയതി 02.07.13 പ്രകാരം തറവിസ്തീർണ്ണം 185 ച.മി./ 2000 ചതുരശ്ര അടിയിൽ കവിയാത്ത വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം നൽകണമെന്നും അപേക്ഷകളും രേഖകളും എല്ലാ വർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകേണ്ടതാണെന്നും പറയുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2016-17 വർഷത്തിൽ 185 ച.മി./ 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വിമുക്തഭടന്മാരുടെ ഭവനത്തിന് ഇളവ് അനുവദിച്ചിരിക്കുന്നു. ഉദാ. താഴെചേർത്തിരിക്കുന്നു.

| ക്രമ.നം. | പേര് | വാർഡ്/ കെട്ടിട നം. | ഫോം 6 പ്രകാരം തറവിസ്തീർണ്ണം |
|---|---|---|---|
| 1 | കെ. എബ്രഹാം കുരുവിള | XVII/104 | 229.35 ച.മി. |
| 2 | പി.എ വർക്കി | XV/246 | 213 ച.മി. |

വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ ഉണ്ടെങ്കിലും യാതൊരു രേഖപ്പെടുത്തലുകളും 2016-17 വർഷം വരുത്തിയിട്ടില്ല. അതോടൊപ്പം ലഭ്യമായ അപേക്ഷകളിൽ എട്ട് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത് സമർപ്പിക്കേണ്ട അന്തിമ തിയതിക്കും (ഏപ്രിൽ 10) ശേഷമാണ്. ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് മുകളിൽ പരാമർശിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3-3 സഞ്ചയ പ്രോപ്പർട്ടി ടാക്സ് മോഡ്യൂളിലെ ഡേറ്റാ എൻട്രി പൂർത്തിയാക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയം, നികുതി ഡിമാൻഡ് എന്നിവയുമായി ബന്ധപ്പെട്ട സഞ്ചയ പ്രോപ്പർട്ടി ടാക്സ് മോഡ്യൂളിലെ വിവരങ്ങൾ പൂർണ്ണമല്ലായെന്ന് 2014-15, 2015-16 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധിച്ച ചില കെട്ടിടങ്ങളുടെയും, ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വേറിൽ ലഭ്യമായിരുന്നില്ല. പഴയ വേർഷനിലുള്ള സഞ്ചയ സോഫ്റ്റ് വെയറിലുണ്ടായിരുന്ന ഡാറ്റാകൾ പുതിയ വേർഷനിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോഴോ ഡേറ്റ എൻട്രി നടത്തിയപ്പോൾ ഉണ്ടായിട്ടുള്ള പിഴവുകൾ മൂലമോ സഞ്ചയ പ്രോപ്പർട്ടി ടാക്സ് മോഡ്യൂളിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ കണ്ടെത്തുന്നതിനായി വാർഡുകൾ തിരിച്ചുള്ള പരിശോധന/അദാലത്തുകൾ നടത്തി സഞ്ചയ പൂർണ്ണമാക്കുന്നതിന് അടിയന്തിര ശ്രമങ്ങളുണ്ടാകേണ്ടതാണ്.

## 2-3-4 വസ്തുനികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ- ആധികാരികത ഉറപ്പ്

വരുത്തേണ്ടതാണ്

വസ്തുനികതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകളുടെ ഇനത്തിൽപെടുത്തി 43 കെട്ടിടങ്ങളെ വസ്തുനികതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ ഇത്രയധികം പൊതുജന ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു എന്നത് അസാധാരണമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം വസ്തുനികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങളെ സംബന്ധമായ വിവരങ്ങൾ പരിശോധിക്കേണ്ടതും അനർഹമായി വസ്തുനികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങളുണ്ടെങ്കിൽ അവയ്ക്ക് നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 തടിലേലം- എഫ് ഡി റ്റി, വാറ്റ് അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 18-ാം വാർഡിൽ കളത്തിപ്പടി-മധുരംചേരി റോഡിന് വശത്ത് പുറമ്പോക്ക് ഭൂമിയിൽ നിന്ന ആഞ്ഞിലിമരം എം എ ഉമ്മർ, കൃപാ ടിംമ്പേഴസ്സ് എന്ന വ്യക്തി 48,100/- രൂപക്ക് ലേലം കൊള്ളുകയും 14.5% KVAT ഉം ഉൾപ്പെടുന്ന തുകയുടെ 5% എഫ്.ഡി.റ്റി.യും ഉൾപ്പെടെ ആകെ 57,830/- രൂപ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് (രസീത് നം.11601105125, 14.11.2016). എന്നാൽ വാറ്റ്, എഫ് ഡി റ്റി ഇനത്തിലുള്ള തുകകൾ നാളിതുവരെ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14) ഇവ അടിയന്തിരമായി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക അടവാക്കി ചെലാന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

## 2-5 സൗജന്യമായി വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ വിവിധ ഉദ്ദേശ്യങ്ങൾക്കായി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യവ്യക്തികൾ ഗ്രാമപഞ്ചായത്തിന് ഭൂമി വിട്ടുനൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു. രേഖാമൂലമുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം സൗജന്യമായി കിട്ടിയ ഭൂമി പഞ്ചായത്തിന്റെ പേരിൽക്കൂട്ടി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറോട് രേഖാമൂലം അഭ്യർത്ഥിക്കുന്നതിന് വിവിധ തീയതികളിൽ കൂടിയ പഞ്ചായത്തുകമ്മിറ്റി തീരുമാനമെടുത്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീരുമാനം നമ്പർ/ തീയതി | ഭൂമിയുടെ വിവരം |
|---|---|
| 28-6-16-ലെ തീരുമാനം -5 | മൂലേക്കാട്ട്പടിയിലുള്ള നടപ്പാത വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യവ്യക്തികൾ വിട്ടുനൽകാൻ സമ്മതിച്ച ഭൂമി |
| 12-8-16-ലെ തീരുമാനം-11 | 13 -ാം വാർഡിലെ ഏഴേപുഞ്ച നടപ്പാത വീതി കൂട്ടുന്നതിന് ലോറേറ്റോഭവൻ, വടവാളൂർ വിട്ടുനൽകിയ സ്ഥലം |
| 12-8-16-ലെ 30(2) | 1-ാംവാർഡ് നട്ടാശ്ശേരി ബ്ലോക്ക്നമ്പർ 24, സർവ്വേനനമ്പർ 172-ൽപ്പെട്ട ഭൂമി |
| 30-9-16-ലെ തീരുമാനം- 4 | 5-ാം വാർഡ് ഗാന്ധിനഗർകോളനിഭാഗത്ത് അങ്കനവാടികെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ 5 സെന്റ് സ്ഥലം ഉണ്ടെന്ന് വാർഡുമെമ്പർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ട് വില്ലേജ് ഓഫീസർക്ക് കത്ത് നൽകുന്നതിനുള്ള തീരുമാനം |

| | |
|---|---|
| | |
| 23-11-16ലെ നം-16 | 1-ാം വാർഡിൽ വാട്ടർവർക്സ് ചെമ്പപള്ളി റോഡ് വീതി കൂട്ടുന്നതിന് 4 പേർ വിട്ടുതന്ന സ്ഥലം |
| 7-1-17-ലെ തീരുമാനം -9 | 19-ാം വാർഡിൽ സർവ്വേ നമ്പരിലുള്ള 12.25 സെന്റ് പുറമ്പോക്ക് ഭൂമി |

പഞ്ചായത്തുകമ്മിറ്റിയുടെ മേൽപ്പറഞ്ഞ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും ആയതിന്റെ നിലവിലെ സ്ഥിതിവിവരങ്ങളും ലഭ്യമാക്കണമെന്ന്(എൻക്വയറി നമ്പർ 16 )രേഖാമൂലം ആവശ്യപ്പെട്ടിരിരുന്നതിന് 1-ാം വാർഡിൽ വാട്ടർവർക്സ്-ചെമ്പപ്പള്ളി റോഡ് വീതി കൂട്ടുന്നതിന് വിട്ടുതന്ന സ്ഥലം തുടർനടപടികൾക്കായി ആർ.ഡി.ഒ-യ്ക്ക് അയച്ചിട്ടുണ്ടെന്നും 19-ാം വാർഡിലെ 12.25 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടി ലഭ്യമാക്കുകയുണ്ടായി.

പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞവ ഉൾപ്പെടെ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്ത തീരുമാനങ്ങളുടെ കാര്യത്തിലും ഭൂമി വിട്ടുകിട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിട്ടുകിട്ടിയ ഭൂമി റവന്യൂരേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ആസ്തി രജിസ്റ്ററിലുൾപ്പെടുത്തേണ്ടതുമാണ്.

## 2-6 രജിസ്ട്രേഷൻ എടുക്കാതെ മെഡിക്കൽ /പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1997 - ലെ KPR (സ്വകാര്യ ആശുപത്രി കളുടെയും പാര മെഡിക്കൽ സ്ഥാപനങ്ങളു ടേയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം ഈ വിഭാഗത്തിൽ പെടുന്ന സ്ഥാപനങ്ങൾ പ്രവർത്തനം നടത്തുന്നതിന് രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം മുൻ വർഷങ്ങളിൽ പ്രവർത്തനം നടത്തിവന്നതും, D&O ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 ൽ പ്രവർത്തനം നടത്തുന്നതുമായ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ ഈ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. ഡോ . പൂജ ജോർജ് , ഡെന്റൽ ക്ലിനിക്, വിജയപുരം
2. നിഷാ രാജൻ , ഫിസിയോ തെറാപ്പി ക്ലിനിക്ക് ,
3. ഡോ. ജോയ് ജോർജ് , മെഡി . ഡയഗ്നോസ്റ്റിക്ക് ലാബ്
4. സുനിൽ കുമാർ പി. ജി. , ശാന്തി മന്ദിരം ആയുർവേദ ഹോസ്പിറ്റൽ , മാങ്ങാനം .
5. വെൽഫാസ്റ്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ , താന്നിക്കപ്പടി
6. ആയുർ സാംഖ്യ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്ക്,
7. ഡോ. പ്രശാന്ത് വി.വി. , സി. അസ്റ്റെറ്റിക്സ് കളത്തിപ്പടി ,
8. ബാല മാത്യു, മെഡിക്കൽ ലാബ് , വിജയപുരം

ടി സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-7 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യവസായ ശാലകളുടെ ഡി & ഒ ലൈസൻസ് പുതുക്കി നൽകുന്ന വേളയിൽ സ്ഥാപനങ്ങൾ അപേക്ഷയിൽ അവകാശപ്പെടുന്ന കപ്പാസിറ്റിയുടെ അടിസ്ഥാനത്തിലാണ് നിലവിൽ പട്ടിക III, IV എന്നിവ പ്രകാരമുള്ള ഫീസ് ഈടാക്കുന്നത്. യന്ത്രങ്ങളുടെ കുതിരശക്തി കണക്കാക്കുന്നതിന് സംസ്ഥാന ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നൽകുന്ന ലൈസൻസ് സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം ലഭ്യമാക്കുന്നില്ല. ആയതിനാൽ യന്ത്രങ്ങളുടെ കപ്പാസിറ്റി കൃത്യമായി നിർണ്ണയിക്കുവാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രധാന വ്യവസായ ശാലകളുടെ വിവരം താഴെ ചേർക്കുന്നു.

1. ജനറൽ മാനേജർ , എം.ആർ.എഫ്. ലിമി. വടവാതൂർ - 33000 HP
2. ഡയറക്ടർ, സ്റ്റാൻഡേർഡ് ട്രെഡ്സ് പ്രൈ . ലിമി. ഇറഞ്ഞാൽ - 150 HP
3. ഡയറക്ടർ, ഐഡിയൽ റബ്ബർ പ്രൈ . ലിമി. ഇറഞ്ഞാൽ - 100 HP

4. ഡയറക്ടർ, പ്രൂഡെൻഷ്യൽ റബ്ബർ പ്രൈ . ലിമി. ഇറഞ്ഞാൽ - 145 HP
5. ഡയറക്ടർ, മിഡ് ലാൻഡ് ട്രെഡ്സ് പ്രൈ . ലിമി. ഇറഞ്ഞാൽ - 185.5 HP
6. ഡയറക്ടർ, ആങ്കർ ട്രെഡ്സ് പ്രൈ . ലിമി. ഇറഞ്ഞാൽ - 100 HP
7. മാനേജിംഗ് ഡയറക്ടർ, പി.ജോൺ & കമ്പനി പ്രൈ . ലിമി. ഇറഞ്ഞാൽ - 100 HP

യന്ത്രങ്ങളുടെ കപ്പാസിറ്റി കൃത്യമായി നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് . കൂടാതെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ (പട്ടിക II) ലൈസൻസ് ഈടാക്കുന്ന വൻകിട സ്ഥാപനങ്ങളിൽ നിന്നും പരമാവധി തുക ഡിമാന്റ് ചെയ്യുകയും വിറ്റുവരവ് പരിശോധിച്ച് ഫീസ് നിർണ്ണയിക്കേണ്ടതുമാണ്.

## 2-8 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല - മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 412 സ്ഥാപനങ്ങളാണ് 2016-17 വർഷം ലൈസൻസ് എടുത്തിട്ടുള്ളത് എന്ന് കാണുന്നു. കോട്ടയം നഗരത്തിന്റെ സാമീപത്തായതിനാലും, വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ പുതിയതായി നിർമിക്കുന്നതിനാലും 19 വാർഡുകളുള്ള പഞ്ചായത്തിൽ ഈ എണ്ണം വളരെ കുറവാണെന്ന് കാണുന്നു. വാർഡ് തല ഫീൽഡ് പരിശോധന നടത്താത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാനും പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇത് പഞ്ചായത്തിന് വളരെയധികം വരുമാന നഷ്ടമുണ്ടാക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഫീൽഡ് പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി ഈടാക്കുന്നില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടേയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. ടാറ്റാ മോട്ടോർ ഫിനാൻസ് , കളത്തിപ്പടി (ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി )
2. ലേയമ്മ മെമ്മോറിയൽ സ്കൂൾ ഓഫ് നേഴ്സിംഗ് , മാങ്ങാനം (ജീവനക്കാരുടെ തൊഴിൽ നികുതി)
3. മെറിക്കോൺ ഇന്റീരിയേഴ്സ്, കളത്തിപ്പടി (ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി )
4. പൊളോണിക്ക ബ്യൂട്ടി പാർലർ, കഞ്ഞിക്കുഴി (ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി)
5. മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ് , കളത്തിപ്പടി ( സ്ഥാപന തൊഴിൽ നികുതി )
6. അക്ഷയ സെന്ററുകൾ (ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി )
7. മെറ്റസൂക്ക് ടെക്ക്നോളജീസ്, കളത്തിപ്പടി (ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി )
8. മാവേലി സ്റ്റോറുകൾ (ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി )
9. അബ്ക്കാരി ഷാപ്പുകൾ (ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി )

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ പൂർത്തിയാക്കിയിട്ടില്ല -പഞ്ചായത്തിന് വരുമാന നഷ്ടം

കോട്ടയം നഗരത്തിനോട് ചേർന്ന പ്രദേശമായതിനാലും, ദേശീയ പാത കടന്നു പോകുന്ന സ്ഥലമായതിനാലും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വളരെയധികം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് ചട്ടം 209 പ്രകാരം ഗ്രാമപഞ്ചായത്തിന് പരസ്യ നികുതി ഈടാക്കാവുന്നതാണ്. പരസ്യ നികുതി പിരിക്കുന്നതിനുള്ള കരട് ബൈലോയ്ക്ക് 10.10.2013 - ലെ 2-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകിയിരുന്നു. എന്നാൽ പരസ്യ നികുതി ഇനത്തിൽ തുകയൊന്നും ഈടാക്കുന്നതിന് പഞ്ചായത്തിന് നാളിതുവരെ സാധിച്ചിട്ടില്ല. തുടർ നടപടികളിലെ കാലതാമസം മൂലം 08.04.2015-ൽ മാത്രമാണ് കരട് ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടിയത്. 2015-ൽ അംഗീകാരം ലഭിച്ചിട്ടും ബൈലോയിൽ വ്യക്തത ഇല്ലാത്തതിന്റെ പേരിൽ പരസ്യനികുതി ലേലം പിടിക്കുവാൻ ആരും തയ്യാറാകുന്നില്ല . നാളിതുവരെ പരസ്യ നികുതി ഈടാക്കുന്നതിന് സാധിക്കാത്തതിനാൽ പഞ്ചായത്തിന് ഈ ഇനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു. ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം വാങ്ങി, നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 2-11 ക്യൂ സിസ്റ്റത്തിൽ നിന്നിരുന്ന ബില്ലുകൾ സർക്കാർ ഉത്തരവിന് വിരുദ്ധമായി ട്രഷറി പാസാക്കി

2016-17 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 172/17- നട്ടാശ്ശേരി യു പി എസ് മെയിന്റനൻസ്(ചെലവ്- 98,521- മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം), 110/17- നെടുപറമ്പ് ബണ്ട് റോഡ് മെയിന്റനൻസ്(ചെലവ്- 1,49,341- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) എന്നീ പ്രവൃത്തികളുടെ ബില്ലുകൾ 31.03.2017 ൽ പാസാകാതിരുന്നതിനാൽ ഇവ ക്യൂ സിസ്റ്റത്തിൽ ഉൾപ്പെടുത്തി രണ്ട് ബില്ലുകൾക്കും പ്രീ ഓതറൈസേഷൻ സ്ലിപ്പ് നൽകി മടക്കുകയും, 2017-18 അലോട്ട്മെന്റ് ലഭ്യമാകുന്ന മുറക്ക് ഓൺലൈനായി ബില്ലുകൾ സമർപ്പിക്കുന്നതിന് നിർദേശിക്കുകയും ചെയ്തിരുന്നു (ട്രഷറി ഡയറക്ടറുടെ 08.05.2017 ലെ ഇ 2/8331/2017 സർക്കുലർ നമ്പർ 22/2017). ക്യൂ സിസ്റ്റത്തിൽ ഉൾപ്പെട്ട മേൽപരാമർശിത ബില്ലുകൾ 2017-18 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മാറുന്നതിന് സ.ഉ(സാധാ)നം.4473/2017/ധന,29.05.2017, സ.ഉ(സാധാ)നം.4522/2017/ധന, 01.06.2017, എന്നിവ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ബില്ലുകൾ 31.03.2017ന് തന്നെ മാറിയിരുന്നുവെന്നും സോഫ്റ്റ്വെയർ തകരാർ മൂലം കണ്ടെത്താതിരുന്നതുമാണെന്നും, ബില്ലുകളും ബിൽ ബുക്കും തിരികെ ഹാജരാക്കണമെന്നും സബ്ട്രഷറി ഓഫീസർ, കോട്ടയം 30.06.2017 ൽ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുകൾ 2016-17 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പരാമർശിത ബില്ലുകൾ 2017-18 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മാറുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും, പ്രസ്തുത പ്രവർത്തികൾ സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തി ഡിപിസി അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും, ഈ ചെലവുകൾ 2016-17 വർഷത്തെ അലോട്ട്മെന്റിൽ നിന്നും ചെലവ് ചെയ്യുന്നതിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എട്ട് കിലോമീറ്ററിൽ താഴെയുള്ള യാത്രകൾക്ക് ദിനബത്ത

പഞ്ചായത്തിലെ റ്റി. എ. ബില്ലുകൾ പരിശോധിച്ചതിൽ ഇവിടെ നിന്നും എട്ട് കിലോമീറ്ററിൽ താഴെ മാത്രം ദൂരമുള്ള പുതുപ്പള്ളി വരെയുള്ള യാത്രകൾക്ക് ദിന ബത്ത അനുവദിച്ചതായി കാണുന്നു. കെ എസ് ആർ റൂൾ 57, നോട്ട് 1 എന്നിവ പ്രകാരം എട്ട് കിലോമീറ്ററിൽ താഴെയുള്ള യാത്രകൾക്ക് റ്റി എ/ഡി എ അനുവദനീയമല്ല. ഓഡിറ്റിൽ ചൂണ്ടികാട്ടിയതനുസരിച്ച് അധികം വാങ്ങിയ തുകകൾ തിരികെ അടവാക്കിയിട്ടുണ്ട്. ഭാവിയിൽ റ്റി. എ. ബില്ലുകൾ തയ്യാറാക്കുമ്പോൾ നിയമ പ്രകാരം അനുവദനീയമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് വിതരണം- പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.- 82/16-17

അടങ്കൽ- 1,33,953- വികസന ഫണ്ട്- സാധാരണ വിഹിതം

ചെലവ്- 30,050

ബിൽ നം.03/2016-17, 27.02.2017

സ.ഉ.(സാ.ധാ.) നം.280/16/തസ്വഭവ തീയതി 25.01.16 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി വകയിരുത്തിയ തുകയുടെ 50% അഡ്വാൻസായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർക്ക് നല്കണമെന്ന നിർദ്ദേശമനുസരിച്ച് തൻവർഷം പ്ലാൻഫണ്ടിൽ നിന്നും 30,050 രൂപ പിൻവലിച്ച് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഡയറക്ടറുടെ പേർക്ക് ഡി.ഡി ആയി നൽകിയിട്ടുണ്ട് (ഡി ഡി നം.701827, 28.03.2017). സാനിട്ടറി നാപ്കിൻ, ഉപയോഗിച്ച നാപ്കിനുകൾ കത്തിക്കുന്നതിനുള്ള ഇൻസിനറേറ്റർ, ഇവ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ ലഭ്യമാക്കുന്നതാണ് പദ്ധതി. എന്നാൽ നാളിതുവരെയായിട്ടും സ്കൂളിന് സാനിട്ടറി നാപ്കിൻ പാഡുകൾ ലഭ്യമാകുകയോ പദ്ധതിയുടെ ഭാഗമായുള്ള തുടർപ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ആകെ ചെലവായ 30,050/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. – 62/17

അടങ്കൽ – 4,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് – 4,00,000(ബിൽ നം.2/2016-17, 03.03.2017)

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)

പ്രസ്തുത പ്രോജക്ട് പ്രകാരം ഔഷധി ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 4,00,000 രൂപ ഔഷധി മാനേജിംഗ് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്( നം.5913005900000015, പഞ്ചാബ് നാഷണൽ ബാങ്ക്, കുട്ടനല്ലൂർ ശാഖ) നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 1,76,661 രൂപയുടെ മരുന്നുകൾ മാത്രമാണ് ഔഷധി ലഭ്യമാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1) എത്രയും പെട്ടെന്ന് മരുന്ന് ലഭ്യമാക്കാമെന്ന് ഔഷധിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നു മുഴുവനും ലഭ്യമായിട്ടില്ലാത്തതിനാൽ 2,23,339/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.- 92/17

അടങ്കൽ –1,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് –1,00,000 (ബിൽ നം.5/16-17, 03.03.2017)

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ(പി എച്ച് സി)

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 07.02.2017ലെ PRF2288 നമ്പർ പ്രോഫോർമ ഇൻവോയ്സ് ന്റെ അടിസ്ഥാനത്തിൽ ബിൽ നം.5/16-17, 03.03.2017 പ്രാകരം 1,00,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല, ആയതിനാൽ ചെലവായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പി എച്ച് സി ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അപാകതകൾ കാരണം ചെലവ് തുക തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|
| 93/17- പി എച്ച് സി ക്ക് കമ്പ്യൂട്ടർ വാങ്ങൽ | 40,000(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) | 40,000- ബിൽ നം.02/14.12.2016 |
| 94/17- പി എച്ച് സി ക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ | 60,000(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) | 60,000- ബിൽ നം.03/18.02.2017 |
| ആകെ | 1,00,000 | 1,00,000 |

പി എച്ച് സി മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം അവലോൺ സിസ്റ്റംസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഡെസ്ക്ടോപ്പ് കംപ്യൂട്ടർ(Intel Core i3 processor, 2 GB RAM, 1 TB Hard Disk, Windows 10), ലേസർ പ്രിന്റർ(Canon LBP 6030 W), യു.പി.എസ്(V Guard 600 va), ഫോട്ടോസ്റ്റേറ്റ് മെഷീൻ(Toshiba E Studio 2303 A) എന്നിവ വാങ്ങിയിട്ടുണ്ട്. മേൽ ഉപകരണങ്ങളുടെ വാങ്ങലിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ആവലോൺ സിസ്റ്റംസുമായി കരാർ ചമച്ചിട്ടില്ല. തൻമൂലം വിൽപനാനന്തര സേവനങ്ങൾ പ്രദാനം ചെയ്യുന്നത് സംബന്ധിച്ച കാര്യങ്ങളിൽ പരിരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞില്ല. 03.07.2012-ലെ സ.ഉ(സാധാ)1838/2012/ ത.സ്വ.ഭ.വ നമ്പർ ഉത്തരവനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ വാങ്ങുന്ന കമ്പ്യൂട്ടറുകൾക്ക് 5 വർഷത്തെയും അനുബന്ധ

സാധനങ്ങൾക്ക് 3 വർഷത്തെയും പരിപൂർണ്ണ വാറന്റി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾക്ക് രണ്ട് വർഷത്തെ വാറന്റി മാത്രമാണ് വിതരണ ഏജൻസി നൽകിയിട്ടുള്ളത്. കമ്പ്യൂട്ടർ സാമഗ്രികൾക്ക് സർക്കാർ നിശ്ചയിച്ച വാറന്റി കാലയളവിൽനിന്ന് ഏറെ കുറഞ്ഞ കാലം മാത്രം സുരക്ഷ ലഭിക്കുന്നതു വഴി ബാക്കി മൂന്ന വർഷങ്ങളിൽ തകരാർ സംഭവിക്കുന്നപക്ഷം പൊതു ധനം അനാവശ്യമായി വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24) തൃപ്തികരമായ മറുപടി നൽകിയില്ല.

സർക്കാർ നിശ്ചയിച്ച വാറന്റി കാലയളവ് ഉറപ്പാക്കിയിട്ടില്ലാത്തതിനാൽ 2 പ്രോജക്ടുകൾ പ്രകാരം ചെലവായ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വയോജനങ്ങൾക്ക് അന്ധതാ നിവാരണ പദ്ധതി- മെഡിക്കൽ ക്യാംപ് നടത്തിയതിന്റെയും, കണ്ണടകൾ വിതരണം ചെയ്തതിന്റെയും രേഖകളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം- 175/15

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(പി എച്ച് സി)

അടങ്കൽ - 2,50,000(വികസന ഫണ്ട്- സാധാരണം)

ചെലവ് - 2,50,000 (ബിൽ നം.08/2016-17, 28.03.2017)

60 വയസിന് മുകളിൽ പ്രായമുള്ള വ്യക്തികൾക്ക് കണ്ണട വാങ്ങി നൽകുന്നതിന് ആവിഷ്കരിച്ചതായിരുന്നു പ്രസ്തുത പ്രോജക്ട്. കണ്ണടകൾ വാങ്ങുന്നതിനായി വ്യാപകമായി പരസ്യം നൽകുകയും ഏറ്റവും കുറവ് നിരക്ക് ക്വോട്ട് ചെയ്ത പാറക്കൽ ഒപ്റ്റിക്കൽസ് & ഐ ക്ലിനിക്ക് എന്ന സ്ഥാപനത്തിന്റെ നിരക്ക്(ഒരു കണ്ണടക്ക് 472.63 രൂപ) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്(പഞ്ചായത്ത് കമ്മിറ്റിയുടെ 24.03.2016 ലെ I(2)-ാം തീരുമാനം). എന്നാൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ക്യാംപ് നടത്തിയതിന്റെയും കണ്ണടകൾ വിതരണം ചെയ്തതിനുമുള്ള രേഖകൾ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23) വിവിധ സ്ഥലങ്ങളിൽ ക്യാംപ് നടത്തി ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. പ്രസ്തുത വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ കണ്ണടകൾ ലഭ്യമായതായിരിന്നുവെന്നും, പഞ്ചായത്ത് മെമ്പർമാർ മുഖേന വിതരണം ചെയ്തുവെന്നും ഭരണസമിതി അംഗങ്ങൾ അറിയിക്കുകയുണ്ടായി. എന്നാൽ വിതരണ രേഖകൾ ലഭ്യമല്ലാത്തതിനാൽ ആകെ ചെലവ് ചെയ്ത 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 സ്ഥലപരിശോധന നടത്തി ഫീസിബിലിറ്റി ഉറപ്പാക്കാതെ പ്രോജക്ട് ആവിഷ്കരിച്ചു - അങ്കണവാടിക്ക് കെട്ടിടനിർമ്മാണം സാധ്യമായില്ല.

ഗ്രാമപഞ്ചായത്തിലെ 64-ാം നമ്പർ അങ്കണവാടി പ്രവർത്തിച്ചുകൊണ്ടിരുന്ന വാടകക്കെട്ടിടം ഒഴിയണമെന്ന് ഉടമകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വടവാതൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപത്തുള്ള പഞ്ചായത്തുവക സ്ഥലത്ത് അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 -ൽ പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല. 2016-17-ൽ ആയത് സ്പിൽ ഓവർ പ്രോജക്ടായി ഡി.പി.സി. അംഗീകരിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തെങ്കിലും തൻവർഷവും പ്രോജക്ട് നടപ്പാക്കിയില്ല. പ്രവൃത്തി തുടങ്ങുന്ന സമയത്ത് പ്രവൃത്തിസ്ഥലം സംബന്ധിച്ച് വടവാതൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ അധികൃതർ തർക്കം ഉന്നയിക്കുകയും, നിർമ്മാണത്തിന് തടസ്സമായി ക്ഷേത്രത്തിന്റെ പിൻവശത്ത് നിൽക്കുന്ന ഗേറ്റ് നീക്കം ചെയ്യുന്നതിനും നിർമ്മാണസാമഗ്രികൾ ഇറക്കുന്നതിനും സാധിക്കാതെ വരികയും ചെയ്തതായി പഞ്ചായത്തുകമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിക്കാണുന്നു. വിഷയം പഞ്ചായത്ത്കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഗേറ്റ് നീക്കം ചെയ്ത് ലഭിക്കാത്തതിനാലും നിർമ്മാണസാമഗ്രികൾ ദേവസ്വം ബോർഡിന്റെ പുറംപോക്ക് സ്ഥലത്ത് സൂക്ഷിക്കുന്നതിനുള്ള അനുവാദം ലഭ്യമാകാത്തതിനാലും പ്രവൃത്തി നടപ്പാക്കാൻ സാധിച്ചില്ല എന്ന് ബന്ധപ്പെട്ട ഫയലിലും വ്യക്തമാക്കിയിട്ടുണ്ട്. മേൽവിഷയം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിസ്ഥലം മുൻവർഷങ്ങളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങി രജിസ്റ്റർ ചെയ്തിരുന്നതാണെന്നും അവിടെ പ്രോജക്ട് നടപ്പിലാക്കാൻ സ്ഥലസന്ദർശനം നടത്തിയപ്പോഴാണ് വഴി സംബന്ധിച്ച തർക്കം നിലവിൽവന്നതെന്നും തുടർന്ന് ഗേറ്റ് സ്ഥാപിച്ച് വഴി തടസ്സപ്പെടുത്തുകയായിരുന്നുവെന്നും

വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടനിർമ്മാണത്തിനുള്ള തടസ്സം ഒഴിവാക്കി ലഭിക്കുന്നതിന് കോട്ടയം ഗ്രാമവികസന ഓഫീസർക്ക് കത്ത് നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അങ്കണവാടി നിലവിലും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

സ്ഥലത്തിന്റെ ഫീസിബിലിറ്റി പരിശോധിച്ച് കെട്ടിടനിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പ് വരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചത് ക്രമപ്രകാരമല്ല. മേൽസാഹചര്യത്തിൽ വസ്തു സംബന്ധിച്ച തർക്കം ഒഴിവാക്കി ലഭിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും 64-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കേണ്ടതുമാണ്.

## 3-8 സ്കൂൾ/അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന -സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12-9-11-ലെ 42448/EW3/2011 നമ്പർ ഉത്തരവനുസരിച്ച് പ്രീപ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ/എയിഡഡ്/അൺഎയിഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. കൂടാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണെന്ന് 30-12-16-ലെ 792455/EW3/2016/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. എന്നാൽ പഞ്ചാത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്കൂളുകൾ മേൽപ്പറഞ്ഞ ഫിറ്റ്നസ് സാക്ഷ്യപത്രം കൂടാതെയാണ് തൻവർഷം പ്രവർത്തിച്ചത് എന്നു കാണുന്നു.

1)കോർപ്പസ് ക്രിസ്ററി, കളത്തിപ്പടി

2)മരിയൻ സീനിയർ സെക്കന്ററി സ്കൂൾ, കളത്തിപ്പടി

3)എസ്.ഡി.എ.ഹൈസ്കൂൾ, വടവാതൂർ

4)സോഫിയ ഇന്റർനാഷണൽ പബ്ലിക് സ്കൂൾ

5)മാർ ബസേലിയോസ് പബ്ലിക് സ്കൂൾ,മാങ്ങാനം

6)കേന്ദ്രീയവിദ്യാലയം, റബ്ബർബോർഡ്, വടവാതൂർ

സ്കൂളുകൾക്ക് പുറമെ ഗ്രാമപഞ്ചായത്തിൽ സ്വന്തം കെട്ടിടത്തിലും വാടകയ്ക്കുമായി 35 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 22.03.2011- ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജീനിയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല.

മേൽവിഷയം സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുംപ്രകാരം ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ/എയിഡഡ്/ അൺഎയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സ്കൂൾ കെട്ടിടങ്ങളുടേയും വാടകയ്ക്ക് പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ അങ്കണവാടികെട്ടിടങ്ങളുടേയും ഫിറ്റ്നസ് പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും നിർദ്ദേശാനുസരണം ഈടാക്കുന്ന ഫീസ് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 3-9 5-ാം വാർഡിൽ wi fi സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

5-ാം വാർഡിൽ wi fi സ്ഥാപിക്കൽ (70/17) എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 230000/- രൂപ ബി എസ് എൻ എൽ -ൽ 14/2/17 ൽ നിക്ഷേപിച്ചിട്ടുണ്ട് (വൗച്ചർ നം. 900/14-2-17). 2 mbps സ്പീഡിൽ ബ്രോഡ്ബാന്റ് വൈ ഫൈ കണക്ഷൻ 5-ാം വാർഡിൽ ഫ്രീ ആയി നൽകുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം. 1-12-16 ൽ വർക്ക് ഓർഡർ ബി എസ് എൻ എൽ ന് നൽകി. 21-4-17 ന് പ്രോജക്റ്റ് കമ്മീഷൻ ചെയ്തതായി ബി എസ് എൻ എൽ അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത ഈ പ്രോജക്റ്റ് നിർവ്വഹണം നടത്തുന്നതിന് പ്രത്യേക അനുവാദം ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22) 2 mbps സ്പീഡിൽ wifi ലഭ്യമാകുന്നുണ്ടെന്ന് മറുപടി നൽകി. പ്രോജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുന്നതിലേയ്ക്കും അപാകതകൾക്ക് മറുപടി നൽകുന്നതിലേക്കുമായി ചെലവഴിച്ച 2,30,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ജവഹർലാൽ നെഹ്റുജയന്തി ഭവനനിർമ്മാണപദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

2015-16-ൽ ആരംഭിച്ച് തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിൽ ചുവടെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയ തുക | ഇനി ലഭിയ്ക്കേണ്ട തുക | പൂർത്തിയായ ഘട്ടം |
|---|---|---|---|---|
| 1 | സരോജനിയമ്മ,<br>ചായില്ലത്ത്, പുല്ലപ്പള്ളിൽ | 180000 | 20000 | മേൽക്കൂര |
| 2 | ഗ്രേസമ്മ ബാബു, പ്ലാപ്പള്ളിൽ, മാങ്ങാനം | 80000 | 1,20,000 | ഭിത്തിപ്പൂറം |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ വീടുപണി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ പരസ്യചാർജിനത്തിൽ വർദ്ധിച്ച ചെലവ്

പൊതുഭരണ ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് – ഡി വകുപ്പിന്റെ 1-1-2004-ലെ 1/04/ഐ.ആന്റ്.പി.ആർ നമ്പർ ഉത്തരവുപ്രകാരമുള്ള നിബന്ധനകളും നിർദ്ദേശങ്ങളും പൂർണ്ണമായും പാലിച്ചിട്ടില്ലാത്തതിനാൽ പരസ്യ ചാർജിനത്തിലുള്ള ചെലവ് അധികരിച്ചതായി കാണുന്നു. 2016-17 വർഷം ഈയിനത്തിൽ ചെലവഴിച്ച 1,36,386/- രൂപയിൽ 1,12,786/- രൂപയും 2016-17 വാർഷികപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പരസ്യചാർജ് മാത്രമാണ്. 2016-17 വാർഷികപദ്ധതിയുടെ പരസ്യചാർജിനത്തിൽ ആകെ 1,28,002/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 112786/-രൂപ 2016-17-ലും 15,216/- രൂപ 2017-18-ലുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷികപദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുള്ള ഓരോ പ്രോജക്ടുകൾക്കും പ്രത്യേകമായി പരസ്യം നൽകുകയും പ്രോജക്ടുകളുടെ പേര് പ്രത്യേകമായി പറയാതെ വാർഷികപദ്ധതി പ്രോജക്ടുകൾ എന്ന് മാത്രം രേഖപ്പെടുത്തി പല തീയതികളിലായി വിവിധ പത്രങ്ങളിൽ പരസ്യം നൽകുന്നത് കൂടാതെ വാർഷികപദ്ധതിയിലുൾപ്പെട്ട വിവിധ പ്രോജക്ടുകൾക്ക് പ്രത്യേകം പ്രത്യകമായി ഒരേ ദിവസംതന്നെ ഒരേ പത്രത്തിൽ പരസ്യം നൽകിയതായും കാണുന്നു. പരസ്യചാർജിനത്തിലുള്ള അനാവശ്യച്ചെലവ്കാരണം പദ്ധതിരൂപീകരണവും മോണിറ്ററിംഗും എന്ന പ്രോജക്ടിന്റെ ചെലവ്പരിധി അധികരിക്കുകയും അധികരിച്ചുവരുന്ന ചെലവ് അടുത്തവർഷത്തെ പ്രസ്തുതപ്രോജക്ടിൽ ഉൾപ്പെടുത്തി ക്രമീകരിച്ചു പോരുകയുമാണെന്ന് വാക്കാൽ അറിയിക്കുകയുണ്ടായി.

ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പരസ്യത്തീയതി | പരസ്യം നൽകിയ പത്രം | പരസ്യത്തുക | പരസ്യത്തിന്റെ വിവരണം | ബിൽനമ്പർ |
|---|---|---|---|---|
| 27-1-16 | മനോരമ | 7049/- | 2015-16 വാർഷികപദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ദർഘാസുകൾ ക്ഷണിക്കുന്നു.<br>പ്രവൃത്തികളുടെ എണ്ണം - 3 | 215720712/<br>29.1.16 |
| 25-2-16 | ,, | 5035/- | 2015-16-ലെ വാർഷികപദ്ധതിപ്രകാരമുള്ള പ്രവൃത്തി ഏറ്റെടുക്കുന്നതിന് ദർഘാസുകൾ ക്ഷണിക്കുന്നു.<br>പ്രവൃത്തികളുടെ എണ്ണം - 1 | 215766395/<br>29-2-16 |
| 18-6-16 | മാതൃഭൂമി | 6006/- | പുനർദർഘാസ് പരസ്യം<br>2015-16-ൽ നബാർഡ്പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ദർഘാസുകൾ ക്ഷണിക്കുന്നു.<br>പ്രവൃത്തികളുടെ എണ്ണം -1 | 60871289/<br>9-12-16 |
| 07/11/16 | മംഗളം | 3840/- | ഇ-ടെൻഡർ പരസ്യം<br>2016-17 വാർഷികപദ്ധതി ഇ-ടെൻഡർ പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ദർഘാസുകൾ ക്ഷണിക്കുന്നു.പ്രവൃത്തികളുടെ എണ്ണം - 2 | MDK169102/24-11-16 |
| 02/18/17 | മംഗളം | 3200/- | ജനകീയാസൂത്രണപദ്ധതി-എസ്.സി. കുട്ടികൾക്ക് 100000/-രൂപ അടങ്കലിൽ പഠനോപകരണങ്ങൾ | 171623/<br>19-2-17 |

അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ- 26) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിനും പഞ്ചായത്തു ഫണ്ടിനും നഷ്ടം വരുത്തുന്ന തരത്തിൽ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി പരസ്യങ്ങൾ നൽകുന്ന പ്രവണത ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി

ആശ്രയ പദ്ധതി ഒന്നാം ഘട്ടം- നീക്കിയിരിപ്പിന്റെ ഘടകം സംബന്ധിച്ച് വ്യക്തതയില്ല

2003 വർഷം ആരംഭിച്ച ആശ്രയ പദ്ധതി ഒന്നാം ഘട്ടം 2008 വർഷം അവസാനിച്ചിരുന്നു, ഇതിൽ 24 ഗുണഭോക്താക്കളുണ്ട്. പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.43572200009029, സിൻഡിക്കേറ്റ് ബാങ്ക്, കഞ്ഞിക്കുഴി) 31.3.17 ൽ 5,57,817 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ 23,559 രൂപ ചലഞ്ച് ഫണ്ടും 2,12,653 രൂപ പലിശയും, ബാക്കി 3,21,605 രൂപ ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമല്ലാത്തതുമാണ്. ഇത് എസ് സി എ ഫണ്ട് എന്ന ഇനത്തിൽ 2003 വർഷം ലഭ്യമായ തുകയാണെന്നും എന്നാൽ ഇതിന്റെ വിനിയോഗം സംബന്ധിച്ച് മാർഗരേഖ ഇല്ലാത്തതിനാൽ ചിലവഴിക്കാതെ അവശേഷിക്കുന്നതുമാണെന്നാണ് കുടുംബശ്രീ ചെയർപേഴ്സൺ അറിയിച്ചത്. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച നിർദേശം സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിയിലെ ഗുണഭോക്താക്കളുടെ സർവ്വേ നടത്തി പുതിയ പദ്ധതി തയ്യാറാക്കി സർക്കാർ അനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സഹായം ഒന്നും തന്നെ നൽകുന്നില്ല.പദ്ധതി പ്രകാരം ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| സേവനങ്ങൾ | സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമാകുവാൻ അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|
| ഭവനപുനരുദ്ധാരണം | 10 | 10 | - |
| ഭക്ഷണം | 24 | 24 | - |
| വസ്ത്രം | 24 | 24 | - |

തുടർ പ്രോജക്ടിനുള്ള സർവ്വേ പൂർത്തിയാക്കി സർക്കാർ അംഗീകാരം നേടി, ഗുണഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ആശ്രയ പദ്ധതി രണ്ടാം ഘട്ടം

2012-ൽ 35 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2-ാം ഘട്ട ആശ്രയ പദ്ധതി ആരംഭിച്ചു. ടി പദ്ധതിയ്ക്കായി നാളിതുവരെ 5,21,968/- രൂപ ചലഞ്ച് ഫണ്ട് ലഭിച്ചു. ആശ്രയ രണ്ടാംഘട്ടത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.43572010002738, സിൻഡിക്കേറ്റ് ബാങ്ക്, കഞ്ഞിക്കുഴി) 31.3.17 ൽ 6,75,471 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 2,89,602 രൂപ ചലഞ്ച് ഫണ്ടും, ആകെ ലഭ്യമായ 9,75,000 രൂപ പദ്ധതി വിഹിതത്തിൽ നീക്കിയിരിപ്പുള്ള 3,50,000 രൂപയും 35,869/- രൂപ പലിശയുമാണ് ഉൾപ്പെടുന്നത്. പദ്ധതി പ്രകാരം ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സേവനങ്ങൾ | സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണഭോക്താക്കളുടെ | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമാകുവാൻ അവശേഷിക്കുന്നവരുടെ |
|---|---|---|---|

| | എണ്ണം | | എണ്ണം |
|---|---|---|---|
| ഭവനനിർമ്മാണം | 2 | 1 | 1 |
| ഭവനപുനരുദ്ധാരണം | 35 | 15 | 20 |
| ഭക്ഷണം | 35 | 35 | - |
| വിദ്യാഭ്യാസം | 14 | 14 | - |

## 3-13 വിവിധ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വിവിധ പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ ചുവടെ ചേർക്കുന്ന പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/വൗച്ചർ നം., തീയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ എസ് ഇ ബി | തോംസൺപടി പന്തുകളത്തിൽ നടപ്പാത പോസ്റ്റ് ഷിഫ്റ്റിംഗ് | 21600510, 01.10.2016 | 6146 |
| " " | സ്ട്രീറ്റ് മെയിൻ ദീർപ്പിക്കൽ | 21600811, 21.01.2017 | 351150 |
| " " | സ്ട്രീറ്റ് മെയിൻ ദീർപ്പിക്കൽ | 21600860, 03.02.107 | 125280 |
| " " | സ്ട്രീറ്റ് മെയിൻ ദീർപ്പിക്കൽ | 21600889, 10.02.2017 | 18900 |
| " " | സ്ട്രീറ്റ് മെയിൻ ദീർപ്പിക്കൽ | 21600931, 03.02.2017 | 61875 |
| " " | സ്ട്രീറ്റ് മെയിൻ ദീർപ്പിക്കൽ | 21600057, 13.03.2017 | 38972 |
| പി ഡബ്യു ഡി (ഇലക്ട്രിക്കൽ സെക്ഷൻ), കോട്ടയം | 3-ാം വാർഡിലെ 37-ാം നമ്പർ അംഗൻവാടി വയറിംഗ് | 21601009, 10.02.2017 | 84938 |
| ഇറിഗേഷൻ വകുപ്പ്, കോട്ടയം | വടവാതൂർ പാടശേഖരത്തിൽ തടയണ നിർമ്മാണം | 21601153, 31.03.2017 | 3067563 |
| ഇറിഗേഷൻ വകുപ്പ്, കോട്ടയം | വടവാതൂർ പാടശേഖരത്തിൽ തടയണ നിർമ്മാണം | 21601156, 31.03.2017 | 532437 |
| ജില്ലാ നിർമ്മിതി കേന്ദ്രം | ഐ എസ് ഒ സർട്ടിഫിക്കേഷൻ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 21601026, 08.03.2017 | 690000 |
| ജില്ലാ നിർമ്മിതി കേന്ദ്രം | ഐ എസ് ഒ സർട്ടിഫിക്കേഷൻ | 21601095, 23.03.2017 | 116000 |

| | | | |
|---|---|---|---|
| | അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | | |
| ആകെ | | | 50,93,261 |

വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ആകെ ചെലവായ 50,93,261/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | തോംസൺപടി പഞ്ചുകളത്തിൽ നടപ്പാത പോസ്റ്റ് ഷിഫ്റ്റിംഗ് | 21600510, 01.10.2016 | 6146 | (വിനിയോഗസാക്ഷ്യപത്രം ലഭ്യായിട്ടില്ല) | 6146 |
| " " | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21600811, 21.01.2017 | 351150 | " " | 351150 |
| " " | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21600860, 03.02.107 | 125280 | " " | 125280 |
| " " | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21600889, 10.02.2017 | 18900 | " " | 18900 |
| " " | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21600931, 03.02.2017 | 61875 | " " | 61875 |
| " " | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21600057, 13.03.2017 | 38972 | " " | 38972 |
| പി ഡബ്യൂ ഡി (ഇലക്ട്രിക്കൽ സെക്ഷൻ), കോട്ടയം | 3-ാം വാർഡിലെ 37-ാം നമ്പർ അംഗൻവാടി വയറിംഗ് | 21601009, 10.02.2017 | 84938 | " " | 84938 |

| | | | | | |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ്, കോട്ടയം | വടവാളൂർ പാടശേഖരത്തിൽ തടയണ നിർമ്മാണം | 21601153, 31.03.2017 | 3067563 | " " | 3067563 |
| ഇറിഗേഷൻ വകുപ്പ്, കോട്ടയം | വടവാളൂർ പാടശേഖരത്തിൽ തടയണ നിർമ്മാണം | 21601156, 31.03.2017 | 532437 | " " | 532437 |
| ബി എസ് എൻ എൽ | 5-ാം വാർഡിൽ വൈ ഫൈ സ്ഥാപിക്കൽ | 21600900, 10.02.2017 | 230000 | 230000 | 0 |
| ജില്ലാ നിർമ്മിതി കേന്ദ്രം | ഐ എസ് ഒ സർട്ടിഫിക്കേഷൻ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 21601026, 08.03.2017 | 690000 | " " | 690000 |
| ജില്ലാ നിർമ്മിതി കേന്ദ്രം | ഐ എസ് ഒ സർട്ടിഫിക്കേഷൻ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 21601095, 23.03.2017 | 116000 | " " | 116000 |
| ആകെ | | | 5323261 | 2,30,000 | 5093261 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവുചെലവില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 2,50,00,000 |
| ആകെ | 2,50,00,000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,50,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സബ് ട്രഷറി കോട്ടയം, ടേം ഡെപ്പോസിറ്റ് നം. 799010500073175 | 1,50,00,000 |
| ടേം ഡെപ്പോസിറ്റ് നം. 799010500073210 | 1,00,00,000 |
| ആകെ | 2,50,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 141197230<br>(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101542486 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 57,96,650 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 30,050 | കെ വൈ ഷ്യംല, ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്, നട്ടാശ്ശേരി |
| 3-3 | 2,23,339 | ഡോ.ഡോൺ എബ്രഹാം, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-4 | 1,00,000 | ഡോ ഷീജാ തങ്കപ്പൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-5 | 1,00,000 | ഡോ ഷീജാ തങ്കപ്പൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 3-6 | 2,50,000 | ഡോ ഷീജാ തങ്കപ്പൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 3-9 | 2,30,000 | ശ്രീ.ജി. എൻ. ഹരികുമാർ, സെക്രട്ടറി |
| 3-13 | 6,146 | ശ്രീ.റ്റി.ആർ.ശ്രീകാന്ത്, സെക്രട്ടറി-ഇൻ-ചാർജ് |
| 3-13 | 50,87,115 | ശ്രീ.ജി. എൻ. ഹരികുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

എഫ് ഡി റ്റി-2,755 രൂപ, വാറ്റ്- 6,975 രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-1991, 1991-1992 | എൽ.എഫ്.കെ.പി.3/809/95/ 5.1.96 |
| 1992-93,1993-94,<br>1994-95,1995-96 | എൽ.എഫ്.കെ.പി.11/730/14/അദാ./28.11.2014 |
| 1996-97 വരവ് | എൽ.എഫ്.കെ.പി.11/197/11/10.10.11 |
| 1998-1999 ചെലവ് | എൽ.എഫ്.കെ.പി.11/730/14/അദാ./28.11.2014 |
| 1998-1999വരവ് | എൽ.എഫ്.കെ.പി.11/699/14/അദാ/28.3.15 |
| 1999-2000ചെലവ് | എൽ.എഫ്.കെ.പി.11/730/14/അദാ./7.1.2015 |
| 1999-2000വരവ് | എൽ.എഫ്.കെ.പി.11/730/14/അദാ./28.11.2014 |
| 2000-2001, 2001- 2002(പ്ലാൻ) | എൽ.എഫ്.കെ.പി.11/730/14/അദാ./7.1.2015 |
| 2003-2004 | എൽ.എഫ്.കെ.പി.11/578/15/1.8.15 |
| 2004-2005 | എൽ.എഫ്.കെ.പി.11/579/15/28.7.15 |
| 2005-2006 | എൽ.എഫ്.കെ.പി.11/580/15/7.8.15 |
| 2006-2007 | എൽ.എഫ്.കെ.പി.11/581/15/2.9.15 |
| 2007-2008 | എൽ.എഫ്.കെ.പി.1/960/അദാ. |

| | |
|---|---|
| | ഇ(1)2011(2)/22.8.2011 |
| 2008-2009 | എൽ.എഫ്.കെ.പി.1/272/12/ 10.1.2013 |
| 2009-2010 | എൽ.എഫ്.കെ.പി.11/273/12/ 10.1.2013 |
| 2010-2011 | എൽ.എഫ്.കെ.പി.11/274/12/ 10.1.2013 |
| 2011-2012 | എൽ.എഫ്.കെ.പി.11/957/13/ 10.2.2014 |
| 2012-2013 | കെ.എസ്.എ.കെ.ടി.എം പി11/1084/15/11.9.15 |
| 13-14 | കെ.എസ്.എ.കെ.ടി.എം പി11/1570/15/16.3.16 |
| 14-15 | കെ.എസ്.എ.കെ.ടി.എം പി11/1127/16/4.8.16 |
| 15-16 | നം.കെ.എസ്സ്.എ.കെ.ടി.എംപി11/1962/16/29.12.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം.പി.12/1117/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി: 18.07.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം